LIBRARY ARCHIVES Kerala Legislative Assembly

കേരള ബാങ്കിന്റെ മത്സരക്ഷമത ഉയർത്തൽ

256(270) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശസാൽകൃത-വാണിജ്യ-നൃജനറേഷൻ ബാങ്കുകളോട് മത്സരിക്കാൻ കഴിയുന്ന രീതിയിൽ കേരള ബാങ്കിനെ മാറ്റിയെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകുന്ന ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. കേരള ബാങ്ക് പ്രൊഫഷണൽ ആക്കുന്നതിന്റെ ഭാഗമായി അംഗീകൃത ട്രെയിനിംഗ് സ്ഥാപനങ്ങൾ മുഖേനയും കൂടാതെ RBI, BIRD എന്നിവ നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ചുവരുന്നു. വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരികയും അതുമുഖാന്തരം കേരളത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UPI (Unified Payment Interface), BBPS (Bharath Bill Payment System), CTS (Cheque Truncation System), ATM, Micro ATM, FAST ag, AEPS (Aadhar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാംതന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. കേരള ബാങ്ക് രൂപീകരിച്ചശേഷം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല വിധത്തിലുള്ള CASA (കറന്റ്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. കേരള ബാങ്ക് വായ്പാ പദ്ധതികൾ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി പുതിയ ലോൺ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

കേരള ബാങ്ക് മുഖേനയുള്ള വായ്പകൾ

257(271) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മുഖേന കർഷകർക്കും ചെറുകിട വ്യവസായ സംരംഭകർക്കും ഏർപ്പെടുത്തിയിട്ടുള്ള വായ്പാ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?